**QP CODE** **Enrollment Number: .................**

**T6079** **Name: ......................................**

# BA DEGREE EXAMINATIONS, MAY 2024

## Third Semester

## B.A. Malayalam Language and Literature

## B21HS12AN- കേരളചരിത്രം:ആധുനികം

## 2022 admissions

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റ വാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക. ഒരു മാർക്ക് വീതം**

1. ഏത് ചുരം കടന്നാണ് ചേരരാജാക്കന്മാർ കൊങ്ങുനാട്ടിലേയ്ക്ക് ആധിപത്യം വികസിപ്പിച്ചത്?
2. ഭാരതപ്പുഴയുടെ തീരത്ത് നടന്നിരുന്ന ഉത്സവമേത്?
3. സഹോദരൻ അയ്യപ്പൻ സഹോദര സംഘം സ്ഥാപിച്ച വർഷമേത്?
4. പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ സ്ഥാപകൻ ആര്?
5. വാഗ്ഭടാനന്ദൻ കോഴിക്കോട്ട് സ്ഥാപിച്ച സംസ്കൃത വിദ്യാലയത്തിന്റെ പേരെന്ത്?
6. കേരളീയ നവോത്ഥാന പ്രസ്ഥാനത്തിന്റെ പടനായകനായി അയ്യങ്കാളിയെ വിശേഷിപ്പിക്കാമെന്ന് അഭിപ്രായപ്പെട്ട ഗ്രന്ഥകാരൻ?
7. വില്ലുവണ്ടി സമരത്തിന് നേതൃത്വം നൽകിയത് ആരാണ്?
8. ക്ഷേത്ര നിർമ്മണത്തെ പ്രോത്സാഹിപ്പിക്കരുത് ഇനി ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ ശ്രമിക്കണം അവർക്ക് അറിവുണ്ടാകട്ടെ. അതു തന്നെയാണ് അവരെ നന്നാക്കുവാനുള്ള മരുന്നും. ഈ സന്ദേശം ആരുടേതാണ്?
9. അഞ്ചുതെങ്ങ് കലാപത്തിന്റെ മറ്റൊരു പേരെന്ത്?
10. മാമാങ്കത്തിന്റെ രക്ഷാപുരുഷൻ ആര്?
11. പഴശ്ശിരാജയുടെ യഥാർത്ഥ പേര്?
12. പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച ഗ്രന്ഥമേത്?
13. കുണ്ടറ വിളമ്പരം നടത്തിയത് എന്നാണ് ?
14. കേരളപ്പഴമ എന്ന ഗ്രന്ഥം രചിച്ചത് ആരാണ്?
15. കേരളത്തിന്റെ ഇന്നലെകൾ എന്ന ഗ്രന്ഥം രചിച്ചത് ആരാണ്?

**(1X10=10)**

## Section B

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതം**

16. വേലുത്തമ്പിദളവ- കുറിപ്പെഴുതുക.

17. കൂനൻ കുരിശു കലാപം- കുറിപ്പെഴുതുക.
18. വേണാട് സ്വരൂപം- കുറിപ്പെഴുതുക.
19. മരുമക്കത്തായം- കുറിപ്പെഴുതുക.
20. തൃപ്പടിദാനം– കുറിപ്പെഴുതുക.
21. 'കഠിനമായ ശിക്ഷാവിധികൾ ആയിരുന്നു മധ്യകേരളത്തിൽ നിലനിന്നിരുന്നത് '- വിശദമാക്കുക.
22. എന്താണ് ഈഴവ മെമ്മോറിയൽ?
23. രേവതി പട്ടത്താനം വിശദമാക്കുക.
24. ഹോർത്തുസ് മലബാറിക്കസ് –വിശദമാക്കുക.
25. കേരളത്തിലെ ആദ്യകാലപത്രങ്ങൾ-വിശദമാക്കുക.

**(2X5=10)**

## Section C

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതം**

26. ആധുനിക കേരളത്തിന്റെ നവോത്ഥാന നായകനായ ശ്രീ നാരായണ ഗുരുവിന്റെ സംഭാവനകൾ വിശദീകരിക്കുക.
27. ക്ഷേത്രപ്രവേശന വിളമ്പരം വിശദീകരിക്കുക.
28. മിഷനറിമാരുടെ സംഭാവനകൾ വിശദീകരിക്കുക.
29. സാധുജന പരിപാലന യോഗം - വിശദീകരിക്കുക.
30. ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവവും വളർച്ചയും വിശദമാക്കുക.
31. ആറ്റിങ്ങൽ കലാപം - വിശദീകരിക്കുക.
32. ഫ്രഞ്ച് അധീനതയിൽ നിന്നുമുള്ള മയ്യഴിയുടെ വിമോചനത്തെക്കുറിച്ച് വിശദീകരിക്കുക.
33. ബ്രഹ്മാനന്ദ ശിവയോഗി-കുറിപ്പെഴുതുക.
34. ഉദയംപേരൂർ സൂനഹദോസിന്റെ ചരിത്ര പ്രാധാന്യം വിശദമാക്കുക.
35. ശ്രീരംഗപട്ടണം ഉടമ്പടി വിശദമാക്കുക.
36. വി. ടി. ഭട്ടതിരിപ്പാട് കേരള ചരിത്രത്തിന് നൽകിയ സംഭാവനകൾ വിശദീകരിക്കുക.
37. ആധുനിക കേരളത്തിന്റെ സൃഷ്ടിക്ക് കാരണമായ പ്രക്ഷോഭങ്ങൾ വിശദീകരിക്കുക.

**(5X6=30)**

## Section D

**ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്ത് മാർക്ക് വീതം**

38. കേരളത്തിലെ ആത്മീയ ആചാര്യരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക.
39. കേരള നവോത്ഥാനത്തിന് വക്കം മൗലവി, പണ്ടിറ്റ് കെ.പി കറുപ്പൻ, സഹോദരൻ അയ്യപ്പൻ, വി.ടി ഭട്ടതിരിപ്പാട് എന്നിവരുടെ സംഭാവനകൾ വിശദമാക്കുക.
40. നിവർത്തന പ്രക്ഷോഭത്തിന് കാരണമായ സാമൂഹ്യ പശ്ചാത്തലവും അനന്തര ഫലങ്ങളും ചർച്ച ചെയ്യുക.
41. കേരളത്തിലെ വൈദേശികാധിപത്യത്തിനെതിരെയുള്ള കലാപങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.

**(10X2=20)**